**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 354** **13.12.2018 ൽ മറുപടിക്ക്.**

**വർദ്ധിച്ചുവരുന്ന ഇന്ധനവില**

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അനുദിനം വർദ്ധിച്ചുവരുന്ന ഇന്ധനവില സംസ്ഥാനത്തെ സമസ്ത മേഖലകളിലെയും ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും വില വർദ്ധനവിന് കാരണമാവുകയും തൻമൂലം ജീവിത നിലവാരം താഴാൻ ഇടയാക്കുന്നതും പരിശോധിച്ചിട്ടുണ്ടോ; | (എ) | 2017 മെയ് മാസം പകുതി മുതൽ ഇന്ധനവില ദിനംപ്രതി ഗണ്യമായി വർദ്ധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുദിനം വർദ്ധിച്ച വരുന്ന ഇന്ധനവില സംസ്ഥാനത്തെ സമസ്ത മേഖലകളിലെയും ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും വില വർദ്ധനവിന് കാരണമാവുകയും തന്മൂലം ജീവിത നിലവാരം താഴാൻ ഇടയായിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ സാധാരണ ജനങ്ങളെ സഹായിക്കുന്നതിന് വേണ്ടി വിലവർദ്ധനവിന്റെ ഭാഗമായി ലഭ്യമായ അധിക നികുതിയുടെ ഒരു ഭാഗം ഉപേക്ഷിച്ച്, 01.06.2018 മുതൽ വിലയിൽ ഒരു രൂപായെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (SRO No. 345/18 തീയതി 31.05.2018). |
| (ബി) | ഇന്ധന വില വർദ്ധന | (ബി) | പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ |

| | | | |
|---|---|---|---|
| | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെയും മൊത്തം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും ഏതൊക്കെ തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | | കേരളത്തിൽ ഭൂരിഭാഗം നിത്യോപയോഗ സാധനങ്ങളും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്. ഇന്ധനവില വർദ്ധനവ് സ്വാഭാവികമായും ചരക്ക് കൂലിയേയും അതിനെ തുടർന്ന് എല്ലാ ചരക്കുകളുടെയും വില വർദ്ധനവിനും കാരണമാകും. ഇത്തരം വില വർദ്ധനവ് പൊതുജനത്തെയും സർക്കാരിനെയും ഒരേപോലെ പ്രതികൂലമായി ബാധിക്കും. പ്രളയാഘാതത്തിൽ പൊതുവെ ദോഷകരമായി ബാധിച്ച സമ്പദ്ഘടന ഇത് കൂടുതൽ ബുദ്ധിമുട്ടിലാക്കും. ഇന്ധനചെലവും ചരക്ക് വില വർദ്ധനവും മൂലം വികസന പ്രവർത്തനത്തിന്റെ ചെലവ് ക്രമാതീതമായി വർദ്ധിക്കും. |
| (സി) | ക്രൂഡ് ഓയിലിന്റെ അന്താരാഷ്ട്ര വില വർദ്ധിക്കുമ്പോൾ പെട്രോൾ, ഡീസൽ, പാചകവാതക വില ഉയരുകയും ക്രൂഡ് ഓയിലിന്റെ അന്താരാഷ്ട്ര വില താഴുമ്പോൾ പ്രസ്തുത വിലകൾ താഴാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പെട്രോൾ, ഡീസൽ വില നിർണ്ണയാധികാരം കേന്ദ്രസർക്കാർ പെട്രോളിയം കമ്പനികൾക്ക് പൂർണ്ണമായും വിട്ടുനൽകിയതിനെ തുടർന്ന് ക്രൂഡ് ഓയിലിന്റെ വില നിലവാരത്തിനനുസരിച്ച് വില കുറയുമ്പോൾ അതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് യഥാസമയം വിട്ട് നൽകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഇത്തരം വില നിശ്ചയിക്കാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം പുന:സ്ഥാപിച്ച് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാനം പല തവണ |

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2018 മേയ് 31<br>31st May 2018<br>1193 ഇടവം 17<br>17th Idavam 1193<br>1940 ജ്യേഷ്ഠം 10<br>10th Jyaishta 1940 | നമ്പർ<br>No. | 1431 |


## GOVERNMENT OF KERALA

**Taxes (B) Department**

NOTIFICATION

G. O. (P) No. 76/2018/TAXES.

*Dated, Thiruvananthapuram, 31st May, 2018 / 17th Idavam, 1193.*

**S. R. O. No. 345/2018.**—In exercise of the powers conferred by section 10 of the Kerala General Sales Tax Act, 1963 (15 of 1963), the Government of Kerala having considered it necessary in the public interest so to do, hereby make the following further amendment to the notification issued under G. O. (P) No. 47/2005/TD dated 31st March, 2005 and published as S. R, O. No. 319/2005 in the Kerala Gazette Extraordinary No. 683 dated 31st March, 2005, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.

33/2094/2018/S-24.

AMENDMENT

In the said notification, in clause (2), in sub-clause (i), in items (b) and (d) for the figures and symbols "24.52%" and "31.80%", the figures and symbols "22.76%" and "30.08%", shall respectively be substituted.

This notification shall have effect on and from the 1st day of June, 2018.

By order of the Governor,

SANJAY M. KAUL,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Consequent on the hike in the price of High Speed Diesel Oil and Petrol, the Government have decided to reduce the rate of tax on High Speed Diesel Oil and Petrol other than Naphtha under the Kerala General Sales Tax Act, 1963, by amending S.R.O. No. 319/2005 so as to give a reduction of ₹ 1 in the price of High Speed Diesel Oil and Petrol with effect from 1st June, 2018 based on the price of 30th May, 2018.

The notification is intended to achieve the above object.

---

Section Officer